ശ്രീ. എസ്. ത്യാഗരാജൻ: ഫിഷറീസ് കോളേജ് രൂപീകരിക്കാൻ തീരുമാനിച്ചുവെന്ന് പറഞ്ഞു. അത് രൂപീകരിക്കുന്നത് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയാണോ? ഈ കാര്യത്തിൽ കൊല്ലം ജില്ലയിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: സ്ഥലങ്ങൾ പലതും സന്ദർശിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയാണെന്ന് തീരുമാനിച്ചിട്ടില്ല. ഉടൻതന്നെ തീരുമാനമെടുക്കും.

ശ്രീ. ഇ. പി. ഗോപാലൻ: കാർഷിക സർവ്വകലാശാല ഗവേഷണ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണെന്നും വിജ്ഞാന വിതരണ കാര്യത്തിൽ കൃഷി ഡിപ്പാർട്ടുമെൻറാണ് പ്രധാനമായി ചുമതല എടുക്കേണ്ടതെന്നും അംഗീകരിച്ചുകൊണ്ട് ഗവേഷണ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് കാർഷിക സർവ്വകലാശാലയ്ക്ക് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിക്കാം.

ശ്രീ. പി. സിറിയക്ക് ജോൺ: മീൻവളർത്തലിന് കുട്ടനാട്ടിൽ പ്രത്യേക സാദ്ധ്യതയുള്ളതുകൊണ്ട് കുട്ടനാട്ടിൽ വിപുലമായ തോതിൽ മീൻവളർത്തലിനുള്ള ഒരു പദ്ധതി കാർഷിക സർവ്വകലാശാലയുടെ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. പി. കരുണാകരൻ: കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോക്കനട്ട് റിസർച്ച് സെൻറർ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്, എന്താണ് പ്രവർത്തനം നടത്തുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: പ്രവർത്തിക്കുന്നില്ല.

ആക്സിലിയറി നഴ്സ്, മിഡ്വൈഫുമാരുടെ സീനിയോറിറ്റി

* 797 [866] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, റ്റി. കെ. അബ്ദു:
,, എം. കെ. കൃഷ്ണൻ:
,, എൻ. സുബ്രഹ്മണ്യഷേണായ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് വകുപ്പിലെ ആക്സിലിയറി നഴ്സ് മിഡ്വൈഫുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്ത്;

(സി) ഇപ്രകാരം ലിസ്റ്റ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന ആവശ്യം ഏതെങ്കിലും സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതേതു സംഘടനകൾ; ഏതേതു തീയതിക്ക്?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) കരടു ലിസ്റ്റ് ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരണത്തിനായി ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുവാൻ നടപടിസ്വീകരിച്ചുകഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) കേരള ഗവൺമെന്റ് മിഡ്വൈഫ്സ് ആൻഡ് എ.എൻ.എം. അസോസിയേഷൻ 21-10-1974-ലും കേരള ഗവൺമെന്റ് മിഡ്വൈഫ്സ് ആൻഡ് എ. എൻ. എം. യൂണിയൻ 21-5-1978-ലും 21-12-1978-ലും, 8-2-1979-ലും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. കെ. അബ്ദു: ആക്സിലറി നേഴ്സ്, മിഡ്വൈഫ് എന്നീ തസ്തികകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അവരുടെ മിനിമം ക്വാളിഫിക്കേഷൻ എന്താണ്; അവർ തിരഞ്ഞെടുക്കപ്പെട്ടാൽ ട്രെയിനിംഗ് കാലാവധി രണ്ടുകൂട്ടർക്കും തുല്യമാണോ; അതോ വ്യത്യാസമുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിന് പ്രത്യേകം നോട്ടീസുവേണം. സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചുള്ളതാണ് ചോദ്യം.

ശ്രീ. എം. കെ. കൃഷ്ണൻ: നാളിതുവരെയായിട്ട് ആക്സിലറി നേഴ്സ് മിഡ്വൈഫിന്റെ സീനിയോറിട്ടി ലിസ്റ്റ് ഇല്ലെന്നാണോ ഇതിനർത്ഥം?

ശ്രീ. കെ. പി. പ്രഭാകരൻ: ഇതിനുമുമ്പ് 53-ൽ സർവ്വീസിലുണ്ടായിരുന്നവരുടെ അതുവരെയുള്ള ഗ്രേഡേഷൻ ലിസ്റ്റാണ് പബ്ലിഷ് ചെയ്തിരുന്നത്. പിന്നീട് 60-ൽ ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. അതിനുശേഷം ഇപ്പോഴാണ് ആദ്യമായിട്ടാണ് 1-1-1978 വരെയുള്ള മുഴുവൻ കരടു ലിസ്റ്റ് ഒരുമിച്ചു തയ്യാറാക്കിക്കൊടുത്തിരിക്കുന്നത്.

ശ്രീ. എം. കെ. കൃഷ്ണൻ: 1953-ലാണ് സീനിയോറിട്ടിലിസ്റ്റ് ഉള്ളതെന്നു പറഞ്ഞു. 1953-ൽ കേരളസംസ്ഥാനംതന്നെ ഉണ്ടായിട്ടില്ല. കേരളസംസ്ഥാനം ഉണ്ടായതിനുശേഷം ഇപ്പോഴേ കരടുലിസ്റ്റ് ഉണ്ടായിട്ടുള്ളൂ. അത് കഴിയുന്നത്രവേഗം അംഗീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: 1953-നു ശേഷമാണ് കേരളമുണ്ടായത്. കേരളം ഉണ്ടായതിനുശേഷം ആദ്യമായിട്ടാണ് ഈ ലിസ്റ്റ് പബ്ലിഷ് ചെയ്തിരിക്കുന്നത്. പല ഗ്രേഡുകളിലുമുള്ളതൊക്കെ തയ്യാറാക്കാൻ കാലതാമസം വന്നു എന്നാണ് ഫയലിൽനിന്നു കാണുന്നത്. പ്രസിദ്ധീകരിക്കുന്നതിനുമുൻപ് മൂന്നുമാസത്തെ സമയം കൊടുക്കുന്നുണ്ട്; ഇവരുടെ സംഘടനകൾക്ക് ഇതിനെപ്പറ്റി അഭിപ്രായം പറയാൻ. അതു കിട്ടിക്കഴിഞ്ഞാൽ ഉടനിതന്നെ അംഗീകരിച്ച് നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ലിസ്റ്റു തയ്യാറാക്കാനാണ് കാലതാമസം നേരിട്ടത്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: 1979-ലാണ് ലിസ്റ്റു തയ്യാറാക്കി പരസ്യപ്പെടുത്താൻ കൊടുത്തത്. മൂന്നുമാസത്തിനുശേഷമെങ്കിലും ലിസ്റ്റുപ്രകാരം സീനിയോറിട്ടി കണക്കാക്കി പ്രമോഷൻ കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: അതു ചെയ്യുമെന്നാണ് പറഞ്ഞത്. 2830 ആളുകളുടെ ലിസ്റ്റാണ് തയ്യാറാക്കിയിരിക്കുന്നത്. എ. എൻ. എം., മിഡ്വൈഫ്, മെറ്റേർണിറ്റി അസിസ്റ്റന്റ് ഈ മൂന്നു കാറ്റഗറിയിലുള്ള ആളുകളുണ്ട്. അവരുടെ അഭിപ്രായം ആരായാനാണ് മൂന്നുമാസം വച്ചിരിക്കുന്നത്. വളരെയധികം ആക്ഷേപങ്ങളുണ്ടെങ്കിൽ സ്വാഭാവികമായിട്ട് പരിശോധിക്കാൻ സമയമെടുക്കും. വളരെയധികം ആക്ഷേപങ്ങളും ഇല്ലെങ്കിൽ സ്വാഭാവികമായും പെട്ടെന്നു നടപ്പാക്കാൻ കഴിയും.

ശ്രീ. സി. എ. കുര്യൻ: എ. എൻ. എം. കാർക്ക് ഇതിനുമുമ്പ് സ്റ്റാഫ് നേഴ്സായി പ്രമോഷൻ കൊടുക്കുന്ന പതിവുണ്ടായിരുന്നു. അത് ഇടയ്ക്കു നിറുത്തി. അതിനുശേഷം സംഘടനകളുടെ നിവേദനങ്ങളുടെ ഫലമായി സ്റ്റാഫ് നേഴ്സായി അംഗീകരിക്കണമെന്നു പറഞ്ഞു. ആ തീരുമാനം നടപ്പാക്കാത്തത് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുകൊണ്ടാണെന്നു മനസ്സിലാക്കി ഇനിയെങ്കിലും എത്രയും വേഗം ഇതു പ്രസിദ്ധീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ലിസ്റ്റ് പബ്ലിഷ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: ആക്സിലറി നേഴ്സ്, മിഡ്വൈഫ് മുതലായവർക്ക് പ്രമോഷൻ കിട്ടാത്തത് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുകൊണ്ടാണ്. ലിസ്റ്റ് എത്രയുംവേഗം പ്രസിദ്ധീകരിച്ച് മലബാർ ജില്ലയിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മെമ്പർ തെറ്റിദ്ധരിച്ചാണ് പറഞ്ഞത്. ഇപ്പോഴത്തന്നെ സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിച്ചുവരുന്നുണ്ട്. 1-4-1953-നു ശേഷമാണ് മലബാർ സർവ്വീസിൽനിന്ന് ഇന്റഗ്രേഷൻ നടന്നത്. അതിനുശേഷം പി. എസ്. സി. സെലക്ട് ചെയ്തുവരുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിച്ചുവരുന്നുണ്ട്. ഇപ്പോഴുള്ള സീനിയോറിറ്റി ലിസ്റ്റനുസരിച്ച് പ്രമോഷനൊക്കെ നടന്നുവരുന്നുണ്ട്. ഇതിലൊക്കെ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ലിസ്റ്റു പ്രസിദ്ധപ്പെടുത്തുന്ന സമയത്ത് അതു തിരുത്താവുന്നതാണ്.

ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള വ്യാവസായിക സംരംഭങ്ങൾ

* 798 [867] ശ്രീ. പി. കെ. ശ്രീനിവാസൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ:
,, ഇ. പി. ഗോപാലൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പുതിയ വ്യാവസായിക സംരംഭങ്ങൾക്ക് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly